അസ്മി സ്കൂൾ അഫിലിയേഷൻ

# നിയമങ്ങളും
# ചട്ടങ്ങളും

2026-27

## യോഗ്യതകൾ

അഫിലിയേഷനു വേണ്ടി അപേക്ഷിക്കുന്ന സ്ഥാപനവും മാനേജ്മെന്റും സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെയും അതിന്റെ കീഴ്ഘടകമായ സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിന്റെയും ആശയാദർശങ്ങൾ അംഗീകരിക്കുന്നവരും പ്രവർത്തന ങ്ങളിൽ സഹകരിക്കുന്നവരുമായിരിക്കേണ്ടതാണ്.

## ഉത്തവാദിത്തങ്ങൾ

1. അസ്മിയുടെ കരിക്കുലവും സിലബസും അനുസരിച്ച്, മുഴുവൻ പാഠപുസ്തകങ്ങളും പഠിപ്പിക്കുക

2. പഠന, പഠനാനുബന്ധ പ്രവർത്തനങ്ങളും പരീക്ഷകളും കൃത്യമായി നടത്തുക

3. അസ്മി നടത്തുന്ന മാനേജ്മെന്റ്, പ്രിൻസിപ്പാൾ, കോ-ഓർഡിനേറ്റർ തുടങ്ങിയവരുടെ മീറ്റിംഗുകളിൽ ബന്ധപ്പെട്ടവർ പങ്കെടുക്കുക

4. വിവിധ ഘട്ടങ്ങളിലായി നടത്തുന്ന ട്രെയിനിങ് ക്ലാസുകളിൽ അധ്യാപകരെയും മറ്റ് ബന്ധപ്പെട്ടവരെയും കൃത്യമായി പങ്കെടുപ്പിക്കുക

5. ആർട്സ് ഫെസ്റ്റ്, പ്രിസം കേഡറ്റ്, ലിറ്റിൽ സ്കോളർ, വൗകിഡ്സ് മാഗസിൻ, ട്രാക്കോൺ അസ്മി സ്പോർട്സ്, ലുമിന അസ്മി സയൻസ് ഫെയർ തുടങ്ങി അസ്മിയുടെ വിവിധ പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സഹകരിക്കുക

6. നിയമങ്ങളും അപ്പപ്പോൾ നൽകപ്പെടുന്ന നിർദ്ദേശങ്ങളും യഥാവിധി അനുസരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങൾ സ്ഥാപനങ്ങൾ നിർബന്ധ ബാധ്യതയായി ഏറ്റെടുക്കേണ്ടതാണ്.

## അഫിലിയേഷന് അപേക്ഷ സമർപ്പിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട മിനിമം യോഗ്യതകൾ

1. 20X20 ക്ലാസ് മുറികൾ (ഒരു ക്ലാസിൽ പരമാവധി 25 കുട്ടികൾ)

2. ഓഫീസ് റൂം

3. സ്റ്റാഫ് റൂം

4. കുട്ടികൾക്കുള്ള കളിസ്ഥലം, കളി ഉപകരണങ്ങൾ

5. എല്ലാ ക്ലാസ് മുറികളും സ്മാർട്ട് സൗകര്യമുള്ളവയായിരിക്കണം

6. കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യം നിർബന്ധം

7. ശിശു സൗഹൃദ ക്ലാസ് മുറിയും, ഇരിപ്പിടങ്ങളും (ചുമർ ചിത്രങ്ങൾ, വായു സഞ്ചാരം, etc...)

8. ആവശ്യത്തിന് മൂത്രപുര, കക്കൂസ്, കുടിവെള്ള സൗകര്യം

9. പ്രാർത്ഥന സൗകര്യം

10. അപേക്ഷ നൽകുന്ന സ്ഥാപനത്തിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ നിലവിൽ അസ്മി, അൽബിറ് സ്ഥാപനങ്ങൾ ഉണ്ടാവാൻ പാടില്ല, എന്നാൽ നിലവിലുള്ള സ്ഥാപനത്തിൽ നിന്നും എൻ.ഒ.സി (No Objection Certificate) ലഭിക്കുകയാണെങ്കിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. (നിശ്ചിത ദൂരപരിധി കൂട്ടുവാനോ, കുറക്കുവാനോ അസ്മി എക്സിക്യൂട്ടീവ്സിന് അധികാരമുണ്ട്)

11. 2020 ന് മുമ്പ് മദ്റസ/മഹല്ല് കമ്മിറ്റികൾ നേരിട്ട് നടത്തുന്നതോ അവർ നിയോഗിക്കുന്ന സബ്കമ്മിറ്റികൾ നടത്തുന്നതോ ആയ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രീ പ്രൈമറി/ പ്രൈമറി സ്ഥാപനങ്ങൾക്ക് (സ്ഥാപനം നടത്തുന്നത് വ്യക്തികൾ ആവാൻ പാടില്ല) ദൂരപരിധി ബാധകമല്ല.

12. എൽ.പി വിഭാഗം ക്ലാസുകൾക്ക് അഫിലിയേഷൻ ആവശ്യമെങ്കിൽ ഏറ്റവും ചുരുങ്ങിയത് NIOS ന്റെ അംഗീകാരം നേടിയിരിക്കുകയോ, നേടാൻ ആവശ്യമായ യോഗ്യത ഉണ്ടായിരിക്കുകയോ വേണം. അസ്മി അഫിലിയേഷൻ ലഭിക്കുന്ന മുറക്ക് NIOS ന്റെ അംഗീകാരം ലഭിക്കാനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

13. സ്ഥാപനങ്ങളുടെ അക്കാദമിക മേഖലയിലെ കാര്യങ്ങളാണ് അസ്മി കൈകാര്യം ചെയ്യുന്നത്.ബിൽഡിംഗ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സർക്കാർ അംഗീകാരം എന്നീ വിഷയങ്ങളിൽ ഏതെങ്കിലും പരാതി ഉയരുന്ന സാഹചര്യത്തിൽ അസ്മി ഉത്തരവാദിയാവു കയില്ല.

## നടപടി ക്രമങ്ങൾ

അഫിലിയേഷനു വേണ്ടിയുള്ള അപേക്ഷ സമപ്പിർക്കുന്നതിനായി www.asmischools.in എന്ന വെബ്സൈറ്റിൽ കാണുന്ന റെജിസ്ട്രേഷൻ ലിങ്ക് പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുകയും അതിന്റെ പ്രിന്റെടുത്ത് സൂക്ഷിച്ച് വെക്കേണ്ടതുമാണ്. അപ്ലിക്കേഷൻ & എൻക്വയറി ഫീസായി 3000 രൂപ അസ്മി പേയ്മെന്റ് ഗേറ്റ് വേ വഴി അടക്കേണ്ടതാണ്.

അപേക്ഷ ലഭിച്ച ശേഷം രണ്ടാഴ്ച്ചക്കുള്ളിൽ അസ്മിയുടെ പ്രത്യേക ടീം സ്ഥാപനം സന്ദർശിച്ച് സ്ഥാപനത്തെക്കുറിച്ച് അന്വേഷണം നടത്തുകയും യോഗ്യതയും സാധുതയും സാധ്യതയും പരിശോധിക്കുകയും ചെയ്യുന്നതാണ്. നേരത്തെ പ്രിന്റ് എടുത്ത് വെച്ച അപേക്ഷ ഫോറം സ്ഥാപന ഭാരവാഹികളുടെ ഒപ്പും സീലും രേഖപെടുത്തിയ ശേഷം ഈ പരിശോധന ടീമിനെ ഏൽപിക്കേണ്ടതാണ്.

അതോടൊപ്പം എൻ.ഒ.സിയും (ആവശ്യമെങ്കിൽ) മറ്റ് രേഖകളും സന്ദർശക ടീമിനെ ഏൽപിക്കേണ്ടതാണ്. പരിശോധകർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസ്മി അഫിലിയേഷൻസമിതി ആവശ്യമായ തീരുമാനമെടുത്ത് ബന്ധപ്പെട്ടവരെ വിവരം അറിയിക്കുന്നതാണ്. അപേക്ഷ അംഗീകരിച്ചതായി ഓഫീസിൽ നിന്ന് വിവരം ലഭിക്കുന്ന സ്ഥാപനങ്ങൾ കാലതാമസം വരുത്താതെ അഫിലിയേഷൻ ഫീസായി 7000 രൂപ മേൽ പറഞ്ഞ പോലെ അസ്മി പേയ്മെന്റ് ഗേറ്റ്വേ വഴി അടക്കേണ്ടതാണ്. പ്രസ്തുത നടപടികൾ പൂർത്തി യാവുന്ന മുറക്ക് അഫിലിയേഷൻനമ്പറും പാസ്സ്വേർഡും കോ-ഓർഡിനേറ്റർക്ക് ഇ-മെയിൽ അയക്കുന്നതും അതോട് കൂടി പ്രസ്തുത സ്ഥാപനം താത്കാലിക അടിസ്ഥാനത്തിൽ അസ്മിയിൽഅംഗമാവുന്നതുമാണ്. നൽകപ്പെട്ട അഫിലിയേഷൻ നമ്പറും, (യൂസർ നെയിമും), പാസ്സ്വേർഡും കൃത്യമായി സൂക്ഷിച്ച് വെക്കേണ്ടതും വെബ്സൈറ്റ് ലോഗിൻചെയ്യുന്നതിനുള്ള യൂസർ ഐഡിയും, പാസ്സ്വേർഡുമായി ഇവ ഉപയോഗിക്കേണ്ടതുമാണ്.

## അഫിലിയേഷൻ നടപടി പൂർത്തിയായ ശേഷം

അഫിലിയേഷൻ നടപടി പൂർത്തിയാവുന്നതോട് കൂടി സ്ഥാപനങ്ങൾ താഴെ പറയുന്ന നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1. നെയിം ബോർഡ്

അസ്മിയുടെ എംബ്ലവും Affliated by ASMI എന്നും രേഖപ്പെടുത്തിയ, കുറഞ്ഞത് 6X4

അടിയിൽ കുറയാതെയുള്ള നെയിം ബോർഡ് ശ്രദ്ധേയമായ വിധത്തിൽ സ്കൂളിൽ സ്ഥാപിക്കേണ്ടതാണ്. ബോർഡ് പ്രിന്റ് എടുക്കേണ്ട PDF ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

2. അധ്യാപകർക്ക് അധിക യോഗ്യത

PPTC/TTC എന്നീ അടിസ്ഥാന യോഗ്യതകൾക്ക് പുറമെ അസ്മിയുടെ പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക യോഗ്യതകൾ കൂടി നേടേണ്ടതിന്റെ ഭാഗമായി അസ്മി ടെറ്റ്, വിവിധ ഘട്ടങ്ങളിലായി അസ്മി നടത്തുന്ന ട്രെയിനിങ് ക്ലാസുകൾ എന്നിവയിൽ അധ്യാപകരെ കൃത്യമായി പങ്കെടുപ്പിക്കുകയും നിർദേശങ്ങൾ യഥാവിധി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

3. അധ്യാപകേതര വിഭാഗത്തിനും പരിശീലനങ്ങൾ

അധ്യാപകർക്ക് പുറമെ ആയമാർ, മോറൽ ടീച്ചേർസ്, അധ്യാപകേതര ജീവനക്കാർ, രക്ഷിതാക്കൾ, സ്ഥാപന ഉടമകൾ എന്നിവർക്കും അസ്മി പ്രത്യേകം പരിശീലനങ്ങൾ നൽകുന്നുണ്ട്, അറിയിപ്പ് ലഭിക്കുന്ന മുറക്ക് ബന്ധപ്പെട്ട എല്ലാവരും പ്രസ്തുത ക്ലാസ്സുക ളിൽ പങ്കെടുക്കേണ്ടതും അവരെ പങ്കെടുപ്പിക്കാൻ ഉത്തരവാദപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

4. അസ്മി സോഫ്റ്റ് വെയർ അപ്ഡേഷൻ

ഓരോ അധ്യയന വർഷവും ജൂൺ 30 നു മുമ്പായി അസ്മി വെബ് സൈറ്റിലെ പോർട്ടലിൽ സ്കൂളിന്റെ വിവരങ്ങളും പ്രിൻസിപ്പാൾ, കോ-ഓർഡിനേറ്റർ, വിദ്യാർത്ഥികൾ, അധ്യാ പകർ, ആയമാർ, മറ്റു ജീവനക്കാർ എന്നിവരുടെ വിവരങ്ങളും പൂർണമായി അപ്ലോഡ് ചെയ്യേണ്ടതാണ്. വിവരങ്ങളിൽ പിന്നീട് മാറ്റങ്ങൾ ആവശ്യമെങ്കിൽ അസ്മി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. അസ്മി ഓഫീസിൽ സ്ഥാപങ്ങളുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ മുഴുവൻ മേൽ പറഞ്ഞ സോഫ്റ്റ്വെയർ അപ്ഡേഷന് അടിസ്ഥാനപ്പെടുത്തി മാത്രമായിരിക്കുന്നതാണ്.

5. അസ്മി കോ-ഓർഡിനേറ്റർ

സേവന സന്നദ്ധയുള്ള ഉത്തരവാദിത്തപ്പെട്ട ഒരാളെ സ്ഥാപനങ്ങളിൽ അസ്മിയുടെ കോ- ഓർഡിനേറ്ററായി നിശ്ചയിക്കേണ്ടതാണ്. നേരിട്ടും, ഇ മെയിൽ സോഷ്യൽ മിഡിയ കൾ വഴിയും മീറ്റിങ്ങുകൾ മുഖേനയും, സർക്കുലർ ലെറ്റർ, ഫോൺ തുടങ്ങിയവയിലൂടെയും നൽകപ്പെടുന്ന അറിയിപ്പുകളും നിർദ്ദേശങ്ങളും കൃത്യമായി ശ്രദ്ധിക്കുകയും നടപ്പിൽ വരുത്തേണ്ടവ യഥാസമയം നടപ്പിലാക്കി എന്ന ഉറപ്പ് വരുത്തുകയും ചെയ്യേ ണ്ടത് കോ-ഓർഡിനേറ്ററാണ്. അസ്മിയുമായുള്ള ഔദ്യോഗിക ആശയ വിനിമയവും ഇടപെടലുകളും നടത്തേണ്ടത് കോ-ഓർഡിനേറ്റർ മുഖേന ആയിരിക്കേണ്ടതാണ്.

## സേവനങ്ങൾ

താഴെ പറയുന്ന സേവനങ്ങൾ സ്ഥാപനങ്ങൾക്ക് അസ്മിയിൽ നിന്ന് ലഭിക്കുന്നതാണ്.

1.വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, എന്നിവർക്ക് വേണ്ടി അസ്മി പുറത്തിറക്കുന്ന വൗകിഡ്സ് മാഗസിൻ ഓരോ അധ്യയന വർഷവും 3 ലക്കങ്ങൾ.

2. മേൽ വിവരിച്ച വിവിധ പരിശീലന പരിപാടികൾ

3. മൂന്ന് ടേമുകളിൽ നടപ്പെടുത്തുന്ന പരീക്ഷകൾ / അസെസ്സ്മെന്റുകൾ

4. ഓരോ കുട്ടി ക്കും KYC (Know Your Children) Record Book.

5. ഗ്രേഡേഷനു വേണ്ടിയുള്ള ഒന്നാം ഘട്ട ഇൻസ്പെക്ഷൻ.
6. വിവിധ റിക്കാർഡുകൾ.(അഡ്മിഷൻ രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ (കുട്ടികൾ & സ്റ്റാഫ്), മൂവ്മെന്റ് രജിസ്റ്റർ, ഇൻസ്പെക്ഷൻ രജിസ്റ്റർ etc...)
7. ടീച്ചിങ് എയിഡ് കിറ്റ്

## സാമ്പത്തിക നടപടി ക്രമങ്ങൾ

| Item | Description | Fee / Amount | Payment Schedule |
|---|---|---|---|
| Student Fee | ₹400 per student/year (3 installments) | | July 10 / Nov 10 Feb 10 |
| Artalia Fest | KG & LP Schools – ₹1500 *per school Participating* Students – ₹300 each | As notified | |
| Little Scholar Exam | Per student | ₹130 | |
| School of Parenting | Per participating parent | ₹500 | |
| ASMI Track on (Sports Meet) | KG & LP Schools – ₹500 *per school Participating* Students – ₹200 each | As notified | |
| ASMI Lumina (Science Fair) | | As notified | |
| Affiliation Renewal Fee | Annual | ₹1000 (Before March 31) | |

അസ്മിയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ സ്കൂളുകളും പ്രസ്തുത ഫീസടച്ച് മേൽ പറഞ്ഞ പദ്ധതികൾ സ്കൂളിൽ നിർബന്ധമായും നടപ്പാക്കേണ്ടതാണ്. ഫീസ് നിരക്കിൽ കാലാകാലങ്ങളിൽ ആവശ്യമായ മാറ്റം വരുത്താൻ അസ്മി എക്സിക്യൂട്ടീവിസിന് അധികാരമുണ്ടായിരിക്കുന്നതാണ് .

അസ്മി നൽകുന്ന പഠനാനുബന്ധ സേവനങ്ങൾ വേറെയുമുണ്ട്. ആവശ്യമുള്ളവർക്ക് മാത്രം അവ നൽകുന്നതും അവർ മാത്രം അതിനുള്ള ഫീസ് അടക്കേണ്ടതുമാണ്.

## അസ്മി പ്രിസം കേഡറ്റ്

വിദ്യാർത്ഥികളുടെ നേതൃശേഷി വർദ്ധിപ്പിക്കാനും ധാർമിക ബോധമുള്ളവരും സന്നദ്ധ സേവന തൽപരരുമാക്കാനുള്ള പ്രത്യക പദ്ധതിയാണ് അസ്മി പ്രിസം കേഡറ്റ്

ഈ സേവനങ്ങൾ ആവശ്യമുള്ള സ്ഥാപനങ്ങൾ അതാത് സമയങ്ങളിൽ നൽകപ്പെടുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതും ആവശ്യമായ ഫീസ് അടക്കേണ്ടതുമാണ്.

## അസ്മി ടെറ്റ്

അധ്യാപകരുടെ അധികയോഗ്യതക്കായി അസ്മി നടത്തുന്ന പരീക്ഷയാണ് അസ്മി ടെറ്റ്. അസ്മി ടെറ്റ് പാസ്സായവരെയോ അല്ലെങ്കിൽ സ്ഥാപനത്തിൽ ചേർന്ന് ഒരു വർഷത്തിനകമോ ഈ പരീക്ഷയോഗ്യത അധ്യാപകർ നേടേണ്ടതാണ്. അധ്യാപകർ അസ്മി നിർദ്ദേശിക്കുന്ന സംഖ്യ ഫീയായി പരീക്ഷസമയത്ത് നൽകേണ്ടതാണ്.

## ഗ്രഡേഷൻ

അസ്മിയുടെ ഇൻസ്പെക്ഷൻ ടീം സ്ഥാപനങ്ങളിൽ സന്ദർശനം നടത്തുന്നതാണ്. അക്കാദമിക നിലവാരം, ഭൗതിക സൗകര്യങ്ങൾ, രേഖകൾ, ഭരണ നിർവ്വഹണം എന്നിവ പരിശോധിച്ച് നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് സ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകു ന്നതാണ്. അസ്മി നൽകുന്ന നിർബന്ധിത സേവനങ്ങൾ മുഴുവനും ഉപയോഗപ്പെടുത്തു ന്നതിന് പുറമെ ഓപ്ഷണലായി നൽകപ്പെടുന്ന സേവനങ്ങളിൽ സ്ഥാപനങ്ങളുടെ പങ്കാളിത്തം, പരിശീലനങ്ങളും മീറ്റിങ്ങുകളിലുമുള്ള പങ്കാളിത്തം, ഓൺലൈൻ ക്ലാസുകളിലെ പങ്കാളിത്തം, പഠനാനുബന്ധ പ്രവർത്തത്തന മികവുകൾ എന്നിവയും ഗ്രഡേഷനു വേണ്ടി പരിഗണിക്കപ്പെടുന്ന കാര്യങ്ങളാണ്.

ആദ്യ തവണ നടത്തുന്ന സന്ദർശനത്തിന് സ്ഥാപനങ്ങൾ പ്രതേകം ചെലവ് വഹിക്കേണ്ടതില്ല, എന്നാൽ ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ട പോരായ്മകൾ പരിഹരിച്ച ശേഷം ഗ്രേഡിൽ ആവശ്യമായ മാറ്റം വരുത്താൻ വേണ്ടി വീണ്ടും പരിശോധന നടത്താൻ ആവശ്യപെടാവുന്നതും അങ്ങിനെയുള്ള പരിശോധനക്കുള്ള ചെലവ് ആ സ്ഥാപനങ്ങൾ വഹിക്കേണ്ടതുമാണ്. ആദ്യ പരിശോധനയിൽ താഴ്ന്ന് ഗ്രേഡ് ലഭിച്ച സ്ഥാപങ്ങൾ നിശ്ചിത സമയത്തിനകം നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങൾ വരുത്താൻ തയ്യാറാവാത്ത പക്ഷം അഫിലിയേഷൻ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ എടുക്കാൻ അസ്മി സെക്രട്ടറിയേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

**കൺവീനർ ജനറൽ, അസ്മി**

മേൽ പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും വായിച്ച് മനസിലാക്കുകയും അവ കൃത്യമായി പാലിക്കാൻ തയ്യാറാണെന്ന് ഉറപ്പ് നൽകുകയും ചെയ്യുന്നു.

പ്രസിഡന്റ് :

സെക്രട്ടറി :

പ്രിൻസിപ്പാൾ :

കോ-ഓർഡിനേറ്റർ :

സീൽ :

തിയതി :
സ്ഥലം :